പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7547 | 17/7/2012- ൽ മറുപടിയ്ക്ക്

## ഇ.എം.എസ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് എന്തെങ്കിലും സഹായം നൽകുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇ.എം.എസ് ഭവന പദ്ധതിയുടെ കാലാവധി - 31/3/2012-ന് അവസാനിച്ചുവെങ്കിലും എഗ്രിമെന്റ് വച്ച് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായ നിരക്ക് വർദ്ധിപ്പിച്ച് 15/9/2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം 1/4/2011-ന് ശേഷം എഗ്രിമെന്റ് വച്ചവരിൽ 15/9/2011-ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള മുഴുവൻ തുകയും 15/9/2011-ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ബാധകമാക്കിയിട്ടുണ്ട്. വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള ധനസഹായം സഹായകമാകുന്നുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനായി പുതിയ ഭവന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനായി പുതിയ ഭവന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ